# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലൈ 8, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 190)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 5845 മുതൽ 5902 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 5903 മുതൽ 5923 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 5924 മുതൽ 5979 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 5980 മുതൽ 6034 വരെ |

## നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ മുഖേന സൂക്ഷ്മ സംരംഭങ്ങൾ

5845 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ്മിഷൻ മുഖേന സൂക്ഷ്മ സംരംഭങ്ങൾക്കായി 2012 –13 ൽ സംസ്ഥാന വിഹിതം എത്രയായിരുന്നു;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകപദ്ധതികൾ എന്തെല്ലാമായിരുന്നു;

(സി) ഓരോ ഘടകപദ്ധതിക്കും എത്ര തുക വീതം വകയിരുത്തി; എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട പരിപാലന പരിപാടി</u>

5846

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ. ഡബ്ള്യൂ. എം. പി) നടപ്പിലാക്കിയിട്ടുണ്ട്;

(ബി) കോതമംഗലം ബ്ലോക്കിൽ പ്രസ്തുത പരിപാടി ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ സംഘടന സംവിധാനം എപ്രകാരമാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള നീർത്തട കമ്മിറ്റിയുടെ ഓഫീസ്, സ്റ്റാഫ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കേന്ദ്ര മാർഗ്ഗരേഖാ പ്രകാരം എങ്ങനെ ആയിരിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി</u>

5847 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമാക്കുന്നതിനും അത് കൂടുതൽ മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ ജോലി ചെയ്ത തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

5848 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകള്‍ക്ക് അനുവദിച്ച തുകയും അതില്‍ ചെലവഴിച്ച തുകയും എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവില്‍ കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ എത്ര തൊഴിലവസരങ്ങള്‍ ലഭിച്ചുവെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

തൊഴിലുറപ്പു പദ്ധതിയിലെ ബാങ്ക് അക്കൗണ്ടുകൾ

5849 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയിൽ അക്കൗണ്ടുകൾ ഏതെല്ലാം ബാങ്കുകളിലാണ് അനുവദിച്ചിട്ടുളളത്;

(ബി) ഇതിൽ മാറ്റം വരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ഇതുമൂലമുളള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ നിർദ്ദേശിച്ച തരത്തിലുളള ബാങ്കുകൾ കുറവായ സ്ഥലത്ത് നിലവിലുളള സംവിധാനം തുടരുവാൻ അനുവദിക്കുമോ?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

<u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പാക്കൽ</u>

5850

ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളും അധിക കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികളും നടപ്പാക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം ഫണ്ടാണ് ഇങ്ങനെ സ്വാതന്ത്രമായി വിനിയോഗിക്കാവുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം സംസ്ഥാനത്തിന് എത്ര മാത്രം പ്രയോജനകരമാകും എന്നാണ് വിലയിരുത്തുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന സ്തംഭനാവസ്ഥ

T5851 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)
'' പി. റ്റി. എ. റഹീം
'' എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഇന്ദിരാ ആവാസ് യോജന പ്രവർത്തനം ഇപ്പോൾ സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ച തുകയിലെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വേണ്ട തുക കണ്ടെത്താൻ പഞ്ചായത്തുകൾക്ക് സാധിക്കാതിരിക്കുന്ന സ്ഥിതി വിശേഷം എങ്ങിനെ മറികടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ജില്ലാ ആസൂത്രണ സമിതികളുടെ പ്രവര്‍ത്തനം</u>

5852 ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
'' ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജില്ലാ ആസൂത്രണ സമിതികളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഡി. പി. സി. കള്‍ ആസൂത്രണ പ്രക്രിയയില്‍ വഹിച്ചു വരുന്ന പങ്ക് ഫലപ്രദമാണോ;

(സി) ഓരോ ഡി. പി. സി.യും കരട് വികസന പദ്ധതി തയ്യാറാക്കി സംസ്ഥാന പദ്ധതിയുമായി ഏകോപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തില്‍ കംപ്ട്രോളര്‍ ആന്റ് ഓഡിറ്റര്‍ ജനറലിന്റെ വിമര്‍ശനം എന്തായിരുന്നു; അത് പരിഹരിക്കുന്നതിന് നടപ്പുവര്‍ഷം സ്വീകരിച്ച നടപടി എന്ത്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന

5853 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം ഇന്ദിരാ ആവാസ് യോജന പ്രകാരം പുതിയ വീട് നിർമ്മാണത്തിന് എത്ര ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതേ കാലയളവിൽ വീടുകൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുന്നതിനായി എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെന്നതു ജില്ല തിരിച്ചുള്ള കണക്കുകൾ ജനറൽ കാറ്റഗറി, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളായി തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) 2012-2013 ലെ ബഡ്ജറ്റ് പ്രകാരം വിവിധ വിഭാഗങ്ങൾക്കുള്ള ധനസഹായം എത്രയായിരുന്നു;

(ഡി) 2012-2013 ലെ ബഡ്ജറ്റിൽ വർദ്ധിപ്പിച്ചതു പ്രകാരമുള്ള തോതിൽ ഗുണഭോക്താക്കൾക്കു ധനസഹായം നൽകിയോ;

(ഇ) 2012-2013 ലെ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് നാളിതുവരെ എത്ര ഗഡു ധനസഹായം നൽകിയെന്നും ഓരോ ഗഡുവിലും എത്ര തുക വീതം വിവിധ വിഭാഗങ്ങൾക്കു നൽകിയെന്നും ഓരോ വിഭാഗത്തിനും എത്ര തുക വീതമാണു നൽകാനുള്ളതെന്നും ഇതിനുള്ള തുക എപ്പോൾ നൽകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന പ്രകാരം പുതിയ വീട് നിർമ്മാണം

5854 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം 2011-12 സാമ്പത്തിക വർഷം പുതിയ വീട് നിർമ്മാണത്തിന് എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വീടുകൾ പുനരുദ്ധരിക്കുന്നതിന് 2011-12 വർഷത്തിൽ എത്ര ഗുണഭോക്താക്കൾക്കു സഹായം നൽകുകയുണ്ടായി;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ പുതിയവീട് നിർമ്മാണത്തിനുള്ള ധനസഹായം വിവിധ വിഭാഗങ്ങൾക്ക് എത്രയായിരുന്നു; പഴയ വീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം എത്രയായിരുന്നു;

(ഡി) പ്രസ്തുത കാലയളവിൽ പുതിയ വീട് നിർമ്മാണത്തിനു ധന സഹായം നൽകുന്ന പദ്ധതിയിലും പഴയവീട് പുനരുദ്ധരിക്കുന്ന പദ്ധതിയിലും ഉൾപ്പെടെ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരമുള്ള ധനസഹായം നൽകിക്കഴിഞ്ഞുവോ;

(ഇ) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്നും അവസാന ഗഡു എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണ ജയന്തി സ്വറോസ്ഗാര്‍ (എസ്.ജി.എസ്.വൈ)പദ്ധതി</u>

5855 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വര്‍ണ്ണ ജയന്തി സ്വറോസ്ഗാര്‍ (എസ്.ജി.എസ്.വൈ) പദ്ധതി നിലവിലുണ്ടോ ;

(ബി) പുരുഷ സ്വയംസഹായ സംഘങ്ങളെ സ്വയംതൊഴില്‍ സംരംഭം തുടങ്ങാന്‍ സഹായിക്കുന്നതിന് എസ്.ജി.എസ്.വൈ.ക്ക് പകരമായി പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(സി) പുതുതായി ആരംഭിച്ച എന്‍.ആര്‍.എല്‍.എം പദ്ധതിയില്‍ പുരുഷ സ്വയംസഹായ സംഘങ്ങള്‍ക്ക് കൂടി സ്വയംതൊഴില്‍ സംരംഭങ്ങള്‍ ആരംഭിക്കാന്‍ സഹായം നല്‍കുമോ ;

(ഡി) 2010-2011 സാമ്പത്തിക വര്‍ഷത്തില്‍ എസ്.ജി.എസ്.പദ്ധതിയിന്‍ കീഴില്‍ സ്വയം തൊഴില്‍ സംരംഭങ്ങള്‍ ആരംഭിക്കാന്‍ സബ്സിഡിക്കായി അപേക്ഷ നല്‍കിയ സ്വയംസഹായ സംഘങ്ങള്‍ക്ക് കാസര്‍കോട് ജില്ലയില്‍ ഇനിയും സബ്സിഡി നല്‍കാതിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഇ) സബ്സിഡി ലഭിക്കുമെന്ന് പ്രതീക്ഷിച്ച് സംരംഭങ്ങള്‍ ആരംഭിച്ച് കടക്കെണിയിലായ സംഘങ്ങള്‍ക്ക് സബ്സിഡി അനുവദിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ പ്രകാരമുള്ള പുതിയ റോഡുകൾ</u>

5856 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പി. എം. ജി. എസ്.വൈ പ്രകാരം പുതിയ ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ. ഫേസ് VIII ൽ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുത്തിയ റോഡുകൾ</u>

5857 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എം.ജി.എസ്.വൈ. ഫേസ് VIII ൽ കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>റാന്നിയിലെ അറയാഞ്ഞിമണ്ണ് എൽ.പി.എസ് - പെരുങ്ങാവ് റോഡ് നിർമ്മാണം</u>

5858 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്കിലുൾപ്പെടുന്ന അറയാഞ്ഞിമണ്ണ് എൽ.പി.എസ് - പെരുങ്ങാവ് റോഡ് നിർമ്മാണത്തിന് പി.എം.ജി.എസ്.വൈ.യിലുൾപ്പെടുത്തി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; ഇപ്പോൾ നിർമ്മാണം ഏതു ഘട്ടത്തിലാണ്; നിർമ്മാണം ഏതെങ്കിലും രീതിയിൽ തടസ്സപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റോഡ് വീതി വർദ്ധിപ്പിക്കുമ്പോൾ ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ പോസ്റ്റുകളോ, പൈപ്പുകളോ, ലൈനുകളോ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടോ; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ്; ഇതനുസരിച്ച് ബന്ധപ്പെട്ട ഓരോ വകുപ്പും തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് നൽകാത്ത ഡിപ്പാർട്ട്മെന്റ് ഏതാണ്;

(ഡി) എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ആവശ്യപ്പെട്ട് പി.എം.ജി.എസ്.വൈ.യുടെ പത്തനംതിട്ട ഓഫീസിൽ നിന്നും കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിക്ക് (കെ.എസ്.ആർ.ആർ.ഡി.എ.) കത്ത് നൽകിയത് എന്നാണ്; കത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തുക എന്നാണ് നൽകിയത്; നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ; ആരാണ് ഇതിനുത്തരവാദി; ജില്ലയിലെ മറ്റേതെങ്കിലും പി.എം.ജി.എസ്.വൈ. റോഡുകളുമായി ബന്ധപ്പെട്ട് തുക ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകൾക്ക്; തുക ആവശ്യപ്പെട്ട് എന്നാണ് കത്ത് നൽകിയിട്ടുള്ളത്;

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

(എഫ്) മൺ പണികൾ പൂർത്തീകരിച്ചിട്ടും, പോസ്റ്റുകളും പൈപ്പുകളും മാറ്റാതിരിക്കുന്നതുമൂലം പണി തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എസ്റ്റിമേറ്റ് പ്രകാരം ആവശ്യപ്പെട്ട തുക അടിയന്തിരമായി പത്തനംതിട്ട പി.എം.ജി.എസ്.വൈ. ഓഫീസിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ബി. ഡി. ഒ. മാരുടെ നിയമനം

5859 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വി. ഇ. ഒ. മാരുടെ സീനിയോറിറ്റി പട്ടികയിലെ എത്രാമത്തെ റാങ്കുകാരൻവരെയുള്ളവർക്കാണ് ബി. ഡി. ഒ. ആയി സ്ഥാനക്കയറ്റം കിട്ടിയത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

5860 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി. ഇ. ഒ. മാരുടെ അടിസ്ഥാന യോഗ്യത ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജോലിഭാരം പരിഗണിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളിൽ ക്ലറിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമവികസന വകുപ്പിന്റെ സർവ്വീസ് ഡെലിവറി പ്രവർത്തനങ്ങൾ ബ്ലോക്ക് ഓഫീസ് വരെ മാത്രമാണ് എത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ലറിക്കൽ സ്റ്റാഫ്, ടൂവീലർ, കമ്പ്യൂട്ടർവത്ക്കരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വി. ഇ. ഒ. ഓഫീസിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം</u>

5861 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം (ഇ. റ്റി. സി) കോതമംഗലത്ത് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോട്ടയം, ഇടുക്കി, എറണാകുളം ജില്ലയിൽ ഉള്ളവർക്ക് ഗുണകരമാകുന്ന പ്രസ്തുത ട്രെയിനിംഗ് സെന്റർ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>അതിയന്നൂർ ബ്ലോക്കിൽ ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക</u>

5862 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിയന്നൂർ ബ്ലോക്കിന് ഗ്രാമവികസന പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുളളത്;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

<u>മൾബറി കൃഷി വികസന പ്രോജക്ട്</u>

5863 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾബറി കൃഷി വികസന പ്രോജക്ട് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

(ബി) കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പ്രോജക്ടിന് എത്ര രൂപയാണ് നീക്കി വച്ചിരിക്കുന്നത് ; കേന്ദ്ര വിഹിതമായി എത്ര തുക ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) മൾബറി വികസന പ്രോജക്ട് സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>അഹാഡ്സ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

5864 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കായി അഹാഡ്സ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വിശദീകരിക്കാമോ ; ഓരോ പദ്ധതിയും എത്ര രൂപവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) അഹാഡ്സ് ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം ഊരുകളിൽ എത്ര വീടുകൾ വീതം വച്ചു നൽകിയെന്നും ഇതിനായി എത്ര രൂപാ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) അഹാഡ്സ് ആസ്ഥാനത്തെ മന്ദിരങ്ങൾ നിർമ്മിക്കാൻ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; അഹാഡ്സ് ഓഫീസുകളിലേക്ക് എന്തെല്ലാം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ അഹാഡ്സ് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ</u>

5865 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ അഹാഡ്സ് എത്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കിയെന്നും ഓരോന്നിനും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളിൽ ഇപ്പോൾ കുടിവെള്ളം ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം ഊരുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും ഓരോ ഊരുകളിലും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്ക്കരിക്കാൻ സംസ്ഥാനത്തിന് അധികാരം</u>

T5866 ഡോ. ടി.എം.തോമസ് ഐസക്ക്
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, എം.ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന്റെ തനത് ശൈലിയിൽ ആവിഷ്ക്കരിക്കുവാൻ സംസ്ഥാനത്തിന് അധികാരം നൽകണമെന്നുള്ള കാര്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ഡൽഹിയിൽ ഈ വർഷം ആദ്യം നടന്ന ചർച്ചകളിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം വന്നിരുന്നോ; എങ്കിൽ സംസ്ഥാന സർക്കാർ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാനത്തിന് യോജിക്കാത്ത പദ്ധതികൾ അടിച്ചേൽപ്പിക്കുന്നതിലൂടെ സംസ്ഥാന സർക്കാരിന്റെ അധികാരത്തിലുള്ള കടന്നുകയറ്റമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ അനുമതി

5867 ശ്രീ. വർക്കല കഹാർ
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻതുക അടങ്കൽ ചെലവുള്ള പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതി നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയ്ക്ക് മുകളിലുള്ള പദ്ധതികൾക്കാണ് പ്രസ്തുത അനുമതി നിർബന്ധമാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ആസൂത്രണ ബോർഡ് ഇത്തരം പദ്ധതികാര്യങ്ങളിൽ എന്തൊക്കെയാണ് പരിശോധിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ സാമ്പത്തിക സർവ്വേ</u>

T5868 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പാക്കാൻ തീരുമാനിച്ച സാമൂഹ്യ സാമ്പത്തിക സർവ്വേ നിർത്തിവെക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ നടത്തുന്ന സാമ്പത്തിക സർവ്വേയിലെ ചോദ്യങ്ങളും സംസ്ഥാനം സർവ്വേക്ക് തയ്യാറാക്കിയിരുന്ന ചോദ്യങ്ങളും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന സർവ്വേയിൽ ലഭ്യമാകുമായിരുന്ന എല്ലാ വിവരങ്ങളും കേന്ദ്ര സർവ്വേയിൽ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ജനസംഖ്യാ വളർച്ച</u>

T5869 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജനസംഖ്യാ വളർച്ച നെഗറ്റീവായി രേഖപ്പെടുത്തിയിട്ടുള്ള ജില്ലകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്ഥിതി വിശേഷത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത</u>

5870 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കാൻ അടിയന്തിരവും കർശനവുമായ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന പാലിന്റെ ഗുണമേന്മ</u>

T5871 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്ന മാരക രാസവസ്തുക്കൾ ചേർത്ത് തമിഴ്നാട്ടിൽ നിന്നും പാൽ എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(സി) ചെക്ക് പോസ്റ്റുകളിൽ ഇതിലേക്കായി പ്രത്യേക സ്ക്വാഡുകളെ രൂപീകരിച്ച് ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്ന വിഷയത്തിന്മേൽ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ക്ഷീര സംഘങ്ങള്‍ ആധുനികവത്ക്കരിക്കുന്നതിന് ധനസഹായം</u>

5872 ശ്രീ. പി. എ. മാധവന്‍
,, എ.റ്റി. ജോര്‍ജ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷീര സംഘങ്ങള്‍ ആധുനികവത്ക്കരിക്കുന്നതിന് ധനസഹായം നല്‍കാന്‍ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ധനകാര്യ ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ക്ഷീരസംഘങ്ങൾ ആരംഭിക്കാൻ പദ്ധതി</u>

5873 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംഘങ്ങൾ ആരംഭിക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ധനകാര്യ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

**കേരള നിയമസഭ**
**08.07.2013–ലെ മറുപടിക്ക്**

<u>സ്കൂൾ ഡെയറി ക്ലബ്ബുകൾ</u>

5874 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഡെയറി ക്ലബ്ബുകൾ ആരംഭിക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മിൽക്കിങ് മെഷീൻ</u>

5875 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് മിൽക്കിങ് മെഷീൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പാലുത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി</u>

5876 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ഹൈബി ഈഡൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിസമ്പത്തിലൂടെ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ക്ഷീരകര്‍ഷകര്‍ക്ക് ആരോഗ്യ ഇന്‍ഷുറന്‍സ്</u>

5877 ശ്രീ. ജെയിംസ് മാത്യു
,, കെ. വി. വിജയദാസ്
,, പി. ശ്രീരാമകൃഷ്ണന്‍
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷീരകര്‍ഷകര്‍ക്ക് ഓറിയന്റല്‍ ഇന്‍ഷുറന്‍സ് കമ്പനിയുമായി സഹകരിച്ച് ആരോഗ്യ ഇന്‍ഷുറന്‍സ് പദ്ധതി നടപ്പിലാക്കുന്നതിന് മില്‍മ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) എന്ന് മുതല്‍ക്ക് പദ്ധതി നടപ്പിലാക്കാന്‍ കഴിയുമെന്നാണ് കരുതുന്നത്; എത്ര ക്ഷീരകര്‍ഷകര്‍ ഈ സ്കീമില്‍ ഉള്‍പ്പെടും; പ്രതിവര്‍ഷം എന്തു തുക ഇതിനായി ചെലവു പ്രതീക്ഷിക്കുന്നു?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മുടങ്ങി കിടക്കുന്ന ക്ഷീര സംഘങ്ങളുടെ പ്രവര്‍ത്തനം പുനരാരംഭിക്കാന്‍ പദ്ധതി</u>

5878 ശ്രീ. വി. പി. സജീന്ദ്രന്‍
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബല്‍റാം
'' എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുടങ്ങി കിടക്കുന്ന ക്ഷീര സംഘങ്ങളുടെ പ്രവര്‍ത്തനം പുനരാരംഭിക്കാന്‍ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഡെയറി ഫ്രണ്ട്ലി പഞ്ചായത്തുകൾ</u>

5879

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പാലുത്പാദനം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ജില്ലയിൽ ഉത്പാദിപ്പിച്ച പാലിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) പാലുത്പാദനത്തിന്റെ വർദ്ധനവ് കണക്കിലെടുത്ത് ജില്ലയിൽ ഡെയറി ഫ്രണ്ട്ലി പഞ്ചായത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സി. ഡിറ്റിന് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ചുമതല</u>

5880 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡിറ്റ് എന്ന സ്ഥാപനത്തിന് സോളാർ പാനലുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും ചുമതലകൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ</u>

5881 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ ഏതു സ്ഥാപനമാണ് സോളാർ പാനൽ സ്ഥാപിച്ചത്; എന്ത് തുക ഇതിനായി ചെലവഴിച്ചു; അത് ഏത് ഹെഡ്ഡിൽ നിന്നാണ് ചെലവഴിച്ചത്;

(ബി) സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ടിനേക്കാൾ സാങ്കേതിക പരിജ്ഞാനം കൂടുതലുള്ള സ്ഥാപനമാണോ സി.ഡിറ്റ്; ഇല്ലെങ്കിൽ അനർട്ടിനെ ഒഴിവാക്കി സി.ഡിറ്റിനെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) സി.ഡിറ്റ് നേരിട്ടാണോ സോളാർ പാനൽ സ്ഥാപിച്ചത്; അല്ലെങ്കിൽ ഏതു കമ്പനിയാണ് സി.ഡിറ്റ് അധികാരപ്പെടുത്തിയതു പ്രകാരം സോളാർ പാനൽ സ്ഥാപിച്ചത്; ഈ കമ്പനിക്ക് അനർട്ടിന്റെ അംഗീകാരമുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**08.07.2013–ലെ മറുപടിക്ക്**

<u>സി. ഡിറ്റിന്റെ വാഹനങ്ങൾ</u>

5882 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സർക്കാരിന്റെ അനുമതി വാങ്ങാതെ സി. ഡിറ്റിൽ എത്ര ആഡംബര കാറുകൾ വാങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത കാറുകൾ വാങ്ങിയ തീയതിയും, ഓരോന്നിനും ചെലവായ തുകയും ഉൾപ്പടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവയിൽ ഓരോ വാഹനവും ഉപയോഗിക്കുന്നത് ആരൊക്കെയാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സി- ഡിറ്റ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക</u>

5883 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡിറ്റിലെ കരാർ ജീവനക്കാർക്ക് വർഷം തോറും നൽകേണ്ട 10% ശമ്പള വർദ്ധനവ് കഴിഞ്ഞ രണ്ടുവർഷമായി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുടിശ്ശിക നൽകാനും ജീവനക്കാരുടെ ശമ്പളം അതിനനുസരിച്ച് വർദ്ധിപ്പിക്കുന്നതിനുമുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>മലയാളം – ശ്രേഷ്ഠഭാഷ</u>

5884 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചു കിട്ടിയ സാഹചര്യത്തിൽ, തുടർപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ, സർക്കാരിതര സാംസ്കാരിക സംഘടനകളുടെ ഒരു യോഗം വിളിച്ചു ചേർക്കാമോ; അതിനുശേഷം തുടർനടപടികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>വിദേശത്തുള്ള മലയാളി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ</u>

5885 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറുനാടൻ മലയാളികൾക്കായി കേരളീയ കലകളിൽ അഭിരുചി വളർത്തുന്നതിനായി കേരള സാഹിത്യ അക്കാദമി, കേരള സംഗീത–നാടക അക്കാദമി, മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി തുടങ്ങിയവയുടെ പരിപാടികൾ മറുനാടുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും സഹായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ;

(ബി) വിദേശത്തുള്ള മലയാളി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പേരിൽ</u>
<u>സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങണമെന്ന ആവശ്യം</u>

5886 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക കേരളത്തിന്റെ അഭിമാനമായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജൻമദേശമായ നെയ്യാറ്റിൻകരയിൽ അദ്ദേഹത്തിന്റെ പേരിൽ ഏതെങ്കിലും സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇദ്ദേഹത്തിന്റെ ജന്മഗൃഹമായ ‘കൂടില്ലാവീട്’ ഒരു ചരിത്ര സ്മാരകമാക്കി നിലനിർത്താൻ നൽകിയിരിക്കുന്ന ശുപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സാംസ്കാരിക വകുപ്പിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലായെങ്കിൽ ഇത് ഉടനടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വഴിയുള്ള പുസ്തക പ്രസാധനം

5887 ശ്രീ.എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വഴി എത്ര പുസ്തകങ്ങൾ അച്ചടിച്ചു;

(ബി) അതിനു ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എത്ര രൂപയുടെ പുസ്തകങ്ങൾ വില്പന നടത്തി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

കോഴിക്കോട് ആകാശവാണി നിലയം

5888 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആകാശവാണി നിലയം അഭിമുഖീകരിക്കുന്ന പരിമിതികൾ എന്തെല്ലാമെന്നറിയാമോ;

(ബി) ഈ നിലയത്തിൽ പ്രോഗ്രാം ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ തസ്തിക മാസങ്ങളായി ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിൽ നിലവിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്നറിയിക്കാമോ;

(ഡി) ഈ സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഈ സ്ഥാപനം നിലനിർത്തുന്നതിനും കേന്ദ്രതലത്തിൽ സമ്മർദ്ദം ചെലുത്തുമോ?

**കേരള നിയമസഭ**
**08.07.2013–ലെ മറുപടിക്ക്**

<u>സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ</u>

5889 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതനകരാർ നിയമനങ്ങൾ നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമനങ്ങൾ പി.എസ്.സി വഴി നടത്തുന്നതിന് ഇതു വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം പുസ്തകമേളയുടെ വിശദാംശങ്ങൾ</u>

5890 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ തിരുവനന്തപുരം പുസ്തകമേളയുടെ വിശദാംശങ്ങൾ തീയതി സഹിതം വ്യക്തമാക്കുമോ ;

(ബി) പുസ്തകമേളയ്ക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ പുസ്തകമേളകളുടെ വരവ് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>നോർക്കയുടെ കീഴിലുള്ള റിക്രൂട്ടിംഗ് ഏജൻസികൾ</u>

5891 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ ലൈസൻസ് ലഭിച്ചിട്ടുള്ള റിക്രൂട്ടിംഗ് ഏജൻസികൾ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നൽകി; ഏതൊക്കെ ഏജൻസികൾക്ക്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര റിക്രൂട്ടിംഗ് ഏജൻസികളുടെ ലൈസൻസ് നോർക്ക റദ്ദു ചെയ്തു; ഏതൊക്കെ ഏജൻസികൾ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികൾ വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് ഉദ്യോഗാർത്ഥികളെയും മറ്റുള്ളവരെയും ചൂഷണം ചെയ്യുന്നതായി കരുതുന്നുണ്ടോ; ഇപ്രകാരമുള്ള എത്ര പരാതികൾ നോർക്കയ്ക്ക് ലഭിച്ചു; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഇ) നോർക്ക 'ട്രീറ്റ്വെൽ' എന്ന ഏജൻസിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(എഫ്) ഇവർ സംസ്ഥാനത്ത് എന്തെല്ലാം റിക്രൂട്ടിംഗ് നടപടികൾ നടത്തിയിട്ടുണ്ട്; ഏതെല്ലാം ദൃശ്യ-മാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകിയിട്ടുണ്ട്; ആയത് പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ജി) 'ട്രീറ്റ്വെൽ' എന്ന ഏജൻസിയുടെ അനധികൃത നടപടികൾ തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾ നേരിടുന്ന പ്രതിസന്ധി</u>

5892 ശ്രീ. രാജു എബ്രഹാം
ഡോ: കെ. ടി. ജലീൽ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ നിതാഖത് നിയമം കർശനമാക്കിയതിനെ തുടർന്ന് ഇതിനകം എത്ര പ്രവാസി മലയാളികൾ അത്മഹത്യചെയ്യുകയുണ്ടായി; ഒളിവിൽ കഴിയുന്നവരും ജയിലുകളിൽ അകപ്പെട്ടവരും തൊഴിൽനഷ്ടപ്പെട്ടവരും എത്രയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രി യു.എ.ഇ സന്ദർശനവേളയിൽ സൗദിഅറേബ്യ സന്ദർശിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ</u>

5893 ശ്രീ. മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് ആത്മവിശ്വാസം നൽകുന്നതിന് പ്രത്യേക കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ഇത്തരക്കാർക്ക് 50 ലക്ഷം വരെ സബ്സിഡിയോടുകൂടി വായ്പ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>ഗള്‍ഫ് നാടുകളില്‍ നിന്ന് തിരിച്ചുവന്ന പ്രവാസികളുടെ കണക്ക്</u>

5894 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സൗദി അറേബ്യ ഉള്‍പ്പെടെയുള്ള ഗള്‍ഫ് നാടുകളിലെ തൊഴില്‍ നിയമങ്ങള്‍ കര്‍ശനമാക്കിയതിനെ തുടര്‍ന്ന് കേരളത്തിലേക്ക് തിരിച്ച് വന്ന പ്രവാസികളുടെ കണക്ക് സര്‍ക്കാര്‍ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ 2013 മെയ് മാസം 31 വരെ എത്ര പ്രവാസികള്‍ തിരിച്ചുവന്നു; ജില്ലാടിസ്ഥാനത്തില്‍ കണക്ക് നല്‍കാമോ;

(ബി) തിരിച്ച് വരുന്ന പ്രവാസികള്‍ക്ക് തിരികെ ഗള്‍ഫുനാടുകളിലേക്ക് തൊഴില്‍ തേടി പോവുന്നതിനായി എന്തെല്ലാം സൗകര്യങ്ങള്‍ ഒരുക്കികൊടുക്കാന്‍ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തിരികെ വരേണ്ടി വരുന്ന പ്രവാസികളുടെ റിക്രൂട്ടിങ്ങ് സംവിധാനത്തിലെ പിഴവ്</u>

5895 ശ്രീ. സി.എഫ്. തോമസ്
'' മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുവൈറ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ജോലി നഷ്ടപ്പെട്ട് തിരികെ വരേണ്ടിവരുന്നവരുടെ റിക്രൂട്ടിംഗ് സംവിധാനത്തിലെ പിഴവ് പരിശോധിച്ച് മേലിൽ സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>പ്രവാസികൾക്കായി ക്ഷേമനിധി</u>

5896 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസികൾക്കായി ക്ഷേമനിധി ആരംഭിച്ചിട്ടുണ്ടോ; ഇതിൽ അംഗത്വം ലഭിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ്; ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് എന്തൊക്കെ അനുകൂല്യങ്ങളാണ് ലഭിക്കുന്നത്; അംഗത്വം ലഭിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടത്; ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ ഇതിന് ഓഫീസുകൾ നിലവിലുളളത്; ഫോൺ നമ്പരും വിലാസവും ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി</u>

5897 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മടങ്ങി വരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെ പ്രത്യേക പ്രവാസി വ്യവസായ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

5898 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ;

(ബി) ഉന്നത വിദ്യഭ്യാസത്തിനായി പ്രവാസികളുടെ മക്കൾക്ക് സ്കാളർഷിപ്പുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ഉത്തരാഖണ്ഡിലും സമീപപ്രദേശങ്ങളിലുമുണ്ടായ പ്രളയക്കെടുതിയിലകപ്പെട്ട മലയാളികൾ</u>

5899 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരാഖണ്ഡിലും സമീപപ്രദേശങ്ങളിലുമുണ്ടായ പ്രളയക്കെടുതികളിലകപ്പെട്ട മലയാളികളെ സുരക്ഷിതമായി സംസ്ഥാനത്തെത്തിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

(ബി) ഇതു സംബന്ധിച്ച് യാത്രക്കാർക്കുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട നോർക്ക ഉദ്യോഗസ്ഥർ ആരെല്ലാം;

(ഡി) ഇവരുടെ പ്രവർത്തനങ്ങൾക്കായി എന്തു തുക അനുവദിച്ചു; എന്തു തുക ചെലവാക്കി; ഉദ്യോഗസ്ഥരുടെ യാത്രയ്ക്ക് ഉൾപ്പെടെ ഓരോരുത്തർക്കും ചെലവായ തുക എത്ര;

(ഇ) ഇതിനായി ഹെലിക്കോപ്ടർ ഉൾപ്പെടെ വാഹനങ്ങൾക്കായി എന്തു തുക വാടകയിനത്തിൽ ചെലവായി; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഉത്തരാഖണ്ഡ് യാത്രക്കാരുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഉത്തരഖണ്ഡിലെ പ്രളയക്കെടുതിയിൽ കുടുങ്ങിയ മലയാളികൾ</u>

5900 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരാഖണ്ഡിൽ ഉണ്ടായ പ്രളയക്കെടുതിയിൽ എത്ര മലയാളികൾ കുടുങ്ങിയിട്ടുണ്ടെന്ന് അറിയാമോ;

(ബി) പ്രസ്തുത സംഭവത്തിൽ എത്ര മലയാളികൾ മരണപ്പെട്ടിട്ടുണ്ടെന്ന് അറിയാമോ;

(സി) പ്രളയക്കെടുതിയിൽ കുടുങ്ങിയവരെ നാട്ടിൽ എത്തിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രളയക്കെടുതിയിൽപ്പെട്ട എത്ര പേരെ ഇതിനകം കേരളത്തിലെത്തിച്ചെന്ന് വിശദമാക്കാമോ;

(ഇ) പ്രളയക്കെടുതിയിൽപ്പെട്ടവരെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ഉത്തരാഖണ്ഡിൽ പ്രകൃതി ക്ഷോഭത്തിൽ ഒറ്റപ്പെട്ടുപോയ മലയാളികളെ രക്ഷപ്പെടുത്താൻ നടപടികൾ</u>

5901 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരാഖണ്ഡിൽ പ്രകൃതിക്ഷോഭത്തിൽ ഒറ്റപ്പെട്ടുപോയ മലയാളി തീർത്ഥാടകരെ യഥാസമയം രക്ഷപ്പെടുത്തിയില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര മലയാളികളാണ് അവിടെ ഒറ്റപ്പെട്ടതായി വിവരം ലഭിച്ചത്; ഇവർ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിന് എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) വിവരം ലഭിച്ചശേഷം ഇവരെ രക്ഷപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര പേരെ ഇതുവരെ രക്ഷപ്പെടുത്തിയിട്ടുണ്ട്; എങ്ങനെയാണ് രക്ഷപ്പെടുത്തി കേരളത്തിലെത്തിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പ്രത്യേക ടീമിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; ആരൊക്കെയായിരുന്നു ടീം അംഗങ്ങൾ; എന്നാണ് അവർ ചുമതലയേറ്റത്; അവർ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരുടെ സംരക്ഷണം</u>

5902

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരെ സംരക്ഷിക്കുന്നതിന് സർക്കാരിന്റെ ഒരു സഹായവും ലഭ്യമായില്ലെന്ന തീർത്ഥാടകരുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ;

(സി) തീർത്ഥാടകരെ സംരക്ഷിക്കാൻ സർക്കാർ എന്തു തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ?